LIBRARY ARCHIVES Kerala Legislative Assembly

ജലവൈദ്യുതി ഉല്പാദന കേന്ദ്രങ്ങളുടെ നവീകരണം

*8 [38] ശ്രീ. കളത്തിൽ അബ്ദുള്ള :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, ഇസ്ഹാക് കുരിക്കൾ :
,, സി. മോയിൻകുട്ടി :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ നവീകരിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നിലയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നവീകരണജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടിവരുന്ന സമയം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) നവീകരണം നടത്തുന്ന സമയത്ത് വൈദ്യുതി ഉല്പാദനം തടസ്സപ്പെടാൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഉണ്ട്.

(ബി) ശബരിഗിരിയും നേരിയമംഗലവും.

(സി) ശബരിഗിരി പദ്ധതിയിലെ ആറ് മെഷീനുകളുടെ നവീകരണ ജോലികൾ നാലു് വർഷംകൊണ്ടും നേരിയമംഗലം പദ്ധതിയിലെ മൂന്ന് മെഷീനുകളുടെ നവീകരണം മൂന്ന് വർഷം കൊണ്ടും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജലവൈദ്യുതി നിലയങ്ങളിലെ എല്ലാ ജനറേറ്ററുകളും ഒരുമിച്ചു നിർത്തിവെച്ച് നവീകരണ പ്രവർത്തനം നടത്താറില്ല. മറിച്ച് ഒന്നൊന്നായി മാത്രമേ നവീകരണ പ്രവർത്തനത്തിന് എടുക്കാറുള്ളു. അതിനാൽ നവീകരണ പ്രവർത്തനം നടത്തുമ്പോൾ വൈദ്യുതി ഉല്പാദനത്തിൽ ഭാഗികമായ തടസ്സമേ നേരിടുകയുള്ളൂ.

ജല ലഭ്യതാ പഠനം

*9 [39] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. പി. ഗംഗാധരൻ :
,, ഡി. സുഗതൻ :
,, കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ജല ലഭ്യതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;